ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 18.06.2025

പ്രധാന വാർത്തകൾ

TIME:12.50PM

1. ഇന്ത്യ-കാനഡ നയതന്ത്രബന്ധം പുനസ്ഥാപിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും, കനേഡിയൻ പ്രധാനമന്ത്രിയുമിടയിൽ ധാരണ. ആദ്യപടിയായി ഹൈ കമ്മീഷണർമാരെ വീണ്ടും നിയമിക്കും.

**India and Canada have agreed to restore High Commissioners to each other's capitals. Prime Minister Narendra Modi held a bilateral meeting with Canadian Prime Minister Mr. Mark Carney on the sidelines of the G7 Summit in Kananaskis.**

2. പാകിസ്ഥാനുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്ത്യ മൂന്നാം കക്ഷി സഹായം സ്വീകരിച്ചിട്ടില്ലെന്ന് ഡോണൾഡ് ട്രംപുമായുള്ള സംഭാഷണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi firmly told the US President Donald Trump that India never accepted third-party mediation to resolve issues with Pakistan and will never accept it. Mr. Modi held a telephonic conversation with President Trump.**

3. നിലമ്പൂർ നാളെ പോളിങ്ങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനായുള്ള തയ്യാറെടുപ്പുകൾ അവസാന ഘട്ടത്തിലാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

**Voting for Nilambur Byelection will be held tomorrow. Preparations are in final phase, informs Election Commission.**

4. ഇറാൻ- ഇസ്രായേൽ സംഘർഷം ആറാം ദിവസവും രൂക്ഷമായി തുടരുന്നു. ഇറാനോട് നിരുപാധികമായി കീഴടങ്ങാൻ ആവശ്യപ്പെട്ട് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

**Iran-Israel conflict enters on the sixth consecutive day. US President Donald Trumps demanded Iran for an unconditional surrender.**

5. ഇന്ത്യൻ യാത്രികൻ ശുഭാൻശു ശുക്ല ഉൾപ്പെട്ട ആക്സിയം -4 ബഹിരാകാശ ദൗത്യം ഈ മാസം 22 ലേക്ക് മാറ്റിവച്ചു.

**Indian astronaut Shubhanshu Shukla's Axiom-4 mission to the International Space Station has been postponed to 22nd of this month.**

**&&&&&&&&&&&&&&&&**

## HEADLINE-1

**PM CANADA (INTRO)**

*ഇന്ത്യ-കാനഡ നയതന്ത്രബന്ധം പുനസ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്കും, കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയ്ക്കുമിടയിൽ ധാരണ. ഇതിൻറെ ആദ്യപടിയായി ഹൈ കമ്മീഷണർമാരെ വീണ്ടും നിയമിക്കാൻ തീരുമാനിച്ചു. കാനഡയിൽ നടക്കുന്ന ജി-7 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ നടന്ന ഉഭയകക്ഷി കൂടിക്കാഴ്ചയിലാണ് ധാരണ. വ്യാപാരചർച്ചകൾ, കണക്ടിവിറ്റി, ജനങ്ങൾക്കിടയിലെ ബന്ധം എന്നിവ പൂർവ്വസ്ഥിതിയിലാക്കാനും തീരുമാനമായി. ഇന്ത്യാ-കാനഡ ബന്ധം പ്രധാനപ്പെട്ടതാണെന്നും, ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനായി യോജിച്ചു*

***പ്രവർത്തിക്കുമെന്നും ശ്രീ മോദി പറഞ്ഞു. പരസ്പര ബഹുമാനത്തിലും, പരിഗണനയിലും അധിഷ്ഠിതമായ ഗുണപരമായ ബന്ധമാണ് ഇരുരാജ്യങ്ങൾക്കുമിടയിൽ വേണ്ടതെന്നും നേതാക്കൾ വ്യക്തമാക്കി. ക്രിയാത്മകമായ ചർച്ചകളാണ് കൂടിക്കാഴ്ചയിൽ നടന്നതെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി അറിയിച്ചു.***

***(ഹോൾഡ്)***

***ജർമൻ ചാൻസലർ ഫ്രഡറിക് മെർസ്, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ തുടങ്ങിയ നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തി. യുകെ, ജപ്പാൻ,ഓസ്ട്രേലിയ, ഇറ്റലി, ദക്ഷിണാഫ്രിക്ക, ബ്രസീൽ എന്നീ രാജ്യങ്ങളിലെ ഉന്നത നേതാക്കളുമായും അദ്ദേഹം സംവദിച്ചു.***

**&&&&&&&&&&&&&&**

## HEADLINE-2

**PM–TRUMP CONVERSATION**

പാകിസ്ഥാനുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ മധ്യസ്ഥതയ്ക്കായി ഇന്ത്യ ഒരിക്കലും മൂന്നാം കക്ഷി സഹായം സ്വീകരിച്ചിട്ടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ഓപ്പറേഷൻ സിന്ദൂർ, ഇന്ത്യ-അമേരിക്ക വ്യാപാര കരാർ തുടങ്ങിയ വിഷയങ്ങളും ഇരുവരും ചർച്ച ചെയ്തു. . ഭീകരവാദ പ്രവർത്തനങ്ങളെ യുദ്ധമായി തന്നെ കണക്കാക്കുമെന്നും 35 മിനിറ്റ് നീണ്ടുനിന്ന സംഭാഷണത്തിൽ പ്രധാനമന്ത്രി വ്യക്തമാക്കിയതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി അറിയിച്ചു. ജി-7 ഉച്ചകോടിക്കിടെ ശ്രീ മോദിയും പ്രസിഡന്റ് ട്രംപും ചർച്ച നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും ട്രംപ് നേരത്തെ യുഎസിലേക്ക് മടങ്ങിയതിനാൽ കൂടിക്കാഴ്ച നടത്താൻ കഴിഞ്ഞില്ല. ഇന്ത്യ സന്ദർശിക്കാനുള്ള പ്രധാനമന്ത്രിയുടെ ക്ഷണം ഡോണൾഡ് ട്രംപ് സ്വീകരിച്ചു.

**&&&&&&&&&&&&&&**

**REV.PM CROATIA VISIT**

ത്രിരാഷ്ട്രസന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ക്രൊയേഷ്യയിലെ സാഗ്രേബിലെത്തും. ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ക്രൊയേഷ്യ സന്ദർശിക്കുന്നത്. ക്രൊയേഷൻ പ്രധാനമന്ത്രി ആന്ദ്രേ പ്ലെങ്കൊവിച്ചുമായി ശ്രീ മോദി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ശാസ്ത്ര സാങ്കേതിക വിദ്യ, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട നാല് കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചേക്കും. ക്രൊയേഷ്യൻ പ്രസിഡന്റ് സൊറാൻ മിലാനോവിച്ചുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. സൈപ്രസും, കാനഡയും സന്ദർശിച്ച ശേഷമാണ് പ്രധാനമന്ത്രി ക്രൊയേഷ്യയിലേക്കെത്തുന്നത്.

&&&&&&&&&&&&&&

## HEADLINE-4

**IRAN -ISRAEL WAR**

ഇറാൻ- ഇസ്രായേൽ സംഘർഷം ആറാം ദിവസവും രൂക്ഷമായി തുടരുന്നു. ഇറാന്റെ ആണവ സംവിധാനങ്ങൾക്ക് നേരെ ഇസ്രയേൽ ആക്രമണം നടന്നതായി അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി സ്ഥിരീകരിച്ചു. ടെൽ അവീവിലെ സുപ്രധാന ഇൻറലിജൻസ് കേന്ദ്രത്തിൽ ആക്രമണം നടത്തിയതായി ഇറാൻ അവകാശപ്പെട്ടു. ജനവാസ മേഖലയിലും സൈനിക കേന്ദ്രങ്ങളിലും ആക്രമണം നടന്നതായി ഇസ്രയേൽ സ്ഥിരീകരിച്ചിട്ടുണ്ട്. സംഘർഷത്തിൽ ഇറാനിൽ 220 പേരും, ഇസ്രായേലിൽ 20-ലധികം പേരും കൊല്ലപ്പെട്ടതായാണ് കണക്കുകൾ. ഇറാനെതിരെ അമേരിക്കൻ സൈന്യം ആക്രമണ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും, ഇറാനിയൻ മിസൈലുകളെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്നും യുഎസ് അറിയിച്ചു. അതേസമയം കൂടുതൽ യുഎസ് യുദ്ധവിമാനങ്ങളും ഇന്ധന ടാങ്കറുകളും മേഖലയിലേക്ക് വിന്യസിച്ചിട്ടുണ്ട്.

&&&&&&&&&&&&&&

**TRUMP THREATENS IRAN**

അതിനിടെ, ഇറാനോട് നിരുപാധികമായി കീഴടങ്ങാൻ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവശ്യപ്പെട്ടു. ഇറാന്റെ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമേനിയെ വധിക്കാൻ അമേരിക്കയ്ക്ക് കഴിയുമെന്നും എന്നാൽ അത്തരം നടപടികളിലേക്ക് യു.എസ് ഇപ്പോൾ കടക്കുന്നില്ലെന്നും ട്രംപ് വ്യക്തമാക്കി. സാധാരണ പൗരന്മാർക്കും അമേരിക്കൻ സൈനികർക്കും നേരെ മിസൈലുകൾ വർഷിക്കാൻ യുഎസ് ആഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ആണവ പദ്ധതി അവസാനിപ്പിക്കാനുള്ള കരാറിന് തയ്യാറായില്ലെങ്കിൽ ഇറാൻ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&

**GOYAL UK VISIT**

കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയലിന്റെ രണ്ടു ദിവസത്തെ യുകെ സന്ദർശനത്തിന് ഇന്ന് തുടക്കമായി. ഇന്ത്യയും യുകെയും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച കൂടുതൽ ചർച്ചകൾക്കും സാമ്പത്തിക, വ്യാപാര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും സന്ദർശനം വഴിയൊരുക്കും. യുകെ വാണിജ്യ വ്യവസായ സെക്രട്ടറി ജോനാഥൻ റെയ്നോൾഡ്സുമായി കേന്ദ്രമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......**

(ബ്രേക്ക്)

&&&&&&&&&&&&&&

## HEADLINE-3

**NILAMBUR (INTRO)**

***നിലമ്പൂർ നാളെ പോളിങ് ബൂത്തിലേക്ക്. ഉപതിരഞ്ഞെടുപ്പിന് മണിക്കൂറുകൾ മാത്രം ബാക്കി നിൽക്കെ മണ്ഡലത്തിൽ ഇന്ന്***

*നിശബ്ദ പ്രചാരണമാണ് നടക്കുന്നത്. വോട്ടെടുപ്പിനായുള്ള എല്ലാ തയ്യാറെടുപ്പുകളും അവസാന ഘട്ടത്തിലാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. 23 നാണ് വോട്ടെണ്ണൽ.*

*വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.....*

*(വോയിസ്)*

&&&&&&&&&&&&&&

**PLUS ONE CLASS**

സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ ഇന്ന് ആരംഭിച്ചു. പ്രവേശനോത്സവം മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. പുതിയ കാലം മുന്നോട്ട് വയ്ക്കുന്ന വെല്ലുവിളികളെ അതിജീവിക്കാൻ കുട്ടികളെ, പ്രാപ്തരാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന **"കൂടെയുണ്ട് കരുത്തേകാൻ"** എന്ന പദ്ധതിയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

&&&&&&&&&&&&&&

**GUJRAT - PLANE CRASH**

അഹമദാബാദ് വിമാനപകടത്തിൽ ഡി എൻ എ പരിശോധനയിലൂടെ ഇതുവരെ 177 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. 24 മൃതദേഹങ്ങൾ ഇന്ന് ബന്ധുക്കൾക്ക് കൈമാറുമെന്ന് അഹമ്മദാബാദ് സിവിൽ ആശുപത്രി അധികൃതർ അറിയിച്ചു. ഡിഎൻഎ സാമ്പിളുകളുടെ പരിശോധന ഏകദേശം പൂർത്തിയായതായും ഗുജറാത്ത് സർക്കാർ വ്യക്തമാക്കി.

&&&&&&&&&&&&&&

## HEADLINE-5

**AXIOM MISSION EARLY**

ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെട്ട നാല് ബഹിരാകാശ യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക്

എത്തിക്കുന്നതിനുള്ള ആക്സിയം-4 ദൗത്യം ഈ മാസം 22 ലേക്ക് മാറ്റിവച്ചു. അറ്റകുറ്റ പണിക്ക് ശേഷമുള്ള ഓർബിറ്റൽ ലാബിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായാണ് വിക്ഷേപണ തിയതി മാറ്റിയത്.

&&&&&&&&&&&&&&

**NAVY-INS ARNALA**

ഇന്ത്യയുടെ ആദ്യ ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് ഐഎൻഎസ് അർനാല ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. സംയുക്ത സൈനിക മേധാവി അനിൽ ചൗഹാൻ ചടങ്ങിന് അധ്യക്ഷത വഹിക്കും. ഇന്ത്യൻ നാവിക സേനയുടെ ഭാഗമാകുന്ന 16 ആൻറി സബ്മറൈൻ യുദ്ധക്കപ്പലുകളിൽ ആദ്യത്തേതാണ് അർനാല. ആത്മനിർഭർ ഭാരതിൻറെ ഭാഗമായി കപ്പലിൻറെ 80 ശതമാനം ഭാഗങ്ങളും തദ്ദേശീയമായാണ് വികസിപ്പിച്ചിരിക്കുന്നത്.

&&&&&&&&&&&&&&

**BIHAR E VOTING**

മൊബൈൽ ഫോൺ ഉപയോഗിച്ച് ആൻഡ്രോയിഡ് അധിഷ്ഠിത ഇ-വോട്ടിംഗ് നടപ്പാക്കാനൊരുങ്ങി ബിഹാർ തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ മാസം 28 ന് നടക്കാനിരിക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ ഈ സംവിധാനം ആരംഭിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ദീപക് പ്രസാദ് പറഞ്ഞു. ഈ സംവിധാനം നടപ്പാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായിരിക്കും ബിഹാർ. ഇതുവരെ 10,000 നിയോജകമണ്ഡലങ്ങൾ ഇ-വോട്ടിംഗിനായി രജിസ്റ്റർ ചെയ്തതായും തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.

&&&&&&&&&&&&&&

**NAXAL - ANDHRA PRADESH**

ആന്ധ്രാപ്രദേശിലെ അല്ലൂരി സീതാരാമരാജു ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് മാവോയിസ്റ്റ് നേതാക്കൾ കൊല്ലപ്പെട്ടു. മരേഡുമില്ലി വന മേഖലയിലാണ് ഏറ്റുമുട്ടൽ നടന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

**RAIN KERALA**

സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

**HARSHIT RANA – INDIA SQUAD**

ഇംഗ്ലണ്ടിനെതിരായ ആദ്യ ടെസ്റ്റിനുള്ള ഇന്ത്യൻ ടീമിൽ ഹർഷിത് റാണയെ ഉൾപ്പെടുത്തിയതായി ബിസിസിഐ. ഇന്ത്യ എ ടീമിൻറെ ഭാഗമായിരുന്നു റാണ. ലീഡ്സിൽ വെള്ളിയാഴ്ച ആരംഭിക്കുന്ന, അഞ്ച് മത്സരങ്ങളുള്ള ടെസ്റ്റ് പരമ്പരയിൽ ശുഭ്മാൻ ഗിൽ ഇന്ത്യയെ നയിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&

**JUNIOR HOCKEY TEAM**

ജർമ്മനിയിൽ ഈ മാസം 21 ന് ആരംഭിക്കുന്ന നാല് രാജ്യങ്ങളുടെ ഹോക്കി ടൂർണമെൻറിൽ പങ്കെടുക്കാൻ ഇന്ത്യൻ ജൂനിയർ പുരുഷ ടീം യാത്ര തിരിച്ചു. ക്യാപ്റ്റൻ അരിജീത് സിംഗ് ഹുണ്ടലിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘം 21ന് നടക്കുന്ന മത്സരത്തിൽ ആതിഥേയരായ ജർമ്മനിയെയും 22 ന് ഓസ്ട്രേലിയയെയും 24 ന് സ്പെയിനെയും നേരിടും.

&&&&&&&&&&&&&&&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ ഇന്നും നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 290 പോയിന്റ് ഇടിഞ്ഞ് 81,293 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 80 പോയിന്റ് നഷ്ടത്തിൽ 24,772 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കൂടി. പവന് 400 രൂപ കൂടി 74,000 രൂപയും ഗ്രാമിന് 9,250 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&